## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഏറനാട് മണ്ഡലത്തിലെ ഹാഡ പദ്ധതി

31 (2663) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാഡ പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, ചാലിയാർ എന്നീ പഞ്ചായത്തുകളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത് ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ട് ; പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നവ ഏതൊക്കെയാണ് ; വർഷം തിരിച്ച് വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഭരണാനുമതി നൽകിയ പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പൂർത്തീകരിച്ചവയും പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

### കേരള നഗര-ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ

32 (2664) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നഗര-ഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ (KURDFC) രൂപീകരിക്കുമെന്ന 2014-15-ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഈ കോർപ്പറേഷന്റെ പ്രവർത്തന മേഖല വിശദമാക്കാമോ ; എന്തൊക്കെ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ ;

(സി) കോർപ്പറേഷൻ ആസ്ഥാനം എവിടെ സ്ഥിതി ചെയ്യുന്നു എന്നറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ 1970 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. 2004-ൽ ഈ സ്ഥാപനത്തെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനായി (കെ.യു.ആർ.ഡി.എഫ്.സി) പേര് മാറ്റി പ്രവർത്തിച്ചുവരുന്നു.

(ബി) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി വായ്പ നൽകുക എന്നതാണ് കെ.യു.ആർ.ഡി.എഫ്.സി. യുടെ കർത്തവ്യം.

(സി) കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു.

**ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി**

**33 (2665)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസിയിൽ കണ്ണൂർ ജില്ലയിലെ പട്ടുവം, കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് പ്രസ്തുത പഞ്ചായത്തുകളെ 'ഹാഡ'യിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പ്രവർത്തന പരിധിയിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ ബ്ലോക്കിലെ പട്ടുവം ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്. എന്നാൽ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ കുറഞ്ഞത് 25% എങ്കിലും പ്രദേശം 800 മീറ്റർ കോണ്ടൂറിന് മുകളിൽ വരികയോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ ഹാഡയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

**ഇന്ദിര ആവാസ് യോജന**

**34 (2666)** ശ്രീ. എ. കെ. ബാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ദിര ആവാസ് യോജന പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ചതും നിർമ്മാണം പൂർത്തിയായതുമായ വീടുകളുടെ വിശദാംശം ലഭ്യമാക്കാമോ ?